## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 847 10.02.2016-ൽ മറുപടിക്ക്**

### മംഗലം ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ചന്ദ്രൻ :** | | **ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| എ. | കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ; | എ. | കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായുള്ള മംഗലം ഡാം സ്രോതസ്സായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 14.05.2014-ന് കൂടിയ എസ്.എൽ.എസ്. എസ്.സി-ൽ ജി.ഒ(ആർ.റ്റി)നം.954/ 2014/ജവിവ തീയതി. 08.10.2014 പ്രകാരം 20 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. |
| ബി. | പദ്ധതി സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ; | ബി. | പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി കിണർ, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് മംഗലം ഡാം വില്ലേജിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 50 റീ സർവ്വേ 1-ൽ പ്പെട്ട 250 സെന്റ് സ്ഥലത്തിന് സർക്കാർ കത്ത് നം. 18650/ഐ.ആർ/15/ജവിവ തീയതി. 07.12.2015-ന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. വകുപ്പുതല ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി. | നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സി. | രണ്ട് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ